ഗൃഹനിർമ്മാണപരിപാടി.

91. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സഹകരണ സംഘങ്ങൾ വഴി ഗൃഹനിർമ്മാണപരിപാടി നടപ്പിൽ വരുത്താൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ?

(ബ) ഗൃഹനിർമ്മാണപരിപാടി ലക്ഷ്യമായി കരുതിയിട്ടുള്ള എത്ര സഹകരണസംഘങ്ങൾ നിലവിലുണ്ട്?

(ഭ) അതുമാതിരിയുള്ള സംഘങ്ങൾക്ക് ഗവണ്മെൻറ് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്?

(മ) സഹകരണാധിഷ്ഠാനത്തിൽ കൂട്ടുകൃഷി ആരംഭിക്കുന്നതിനുവേണ്ടി, കുത്തകപ്പാട്ടമായോ മറ്റോ സ്ഥലം സംഘങ്ങൾക്കു വിട്ടുകിട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(യ) എത്ര സംഘങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

(ര) എത്ര സംഘങ്ങൾക്ക് ഗവണ്മെൻറിൽ നിന്നും സ്ഥലം വിട്ടു കൊടുത്തിട്ടുണ്ട്?

HON'BLE MR. G. RAMACHANDRAN: ചോദ്യത്തിന്റെ ആദ്യഭാഗത്തിനു പകുതിക്ക് ഉത്തരം, സഹകരണസംഘങ്ങൾ വഴി ഭവനനിർമ്മാണപരിപാടി നടപ്പിൽ വരുത്തുവാൻ ചില പദ്ധതികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്.

ഒന്നാം ഭാഗത്തിനു ഉവ്വ് എന്നാണ് മറുപടി. രണ്ടാംഭാഗത്തിന്, സംഘങ്ങളുടെ ചെലവിൽ ഭൂമി പൊന്നുംവില കൊടുത്തെടുക്കാൻ നടപടി നടത്തിയിട്ടുണ്ട്. ഭവനനിർമ്മാണപരിപാടിയെപ്പറ്റി വേണ്ടത പ്രചരിപ്പിക്കുന്നതിന് സഹകരണഡിപ്പാർട്ടുമെൻറിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ പ്രത്യേകശമ്പളത്തിൽ നിയമിക്കുകയും ആ ഉദ്യോഗസ്ഥനെ മദ്രാസിൽ അയച്ച് അവിടെ നടപ്പിലിരിക്കുന്ന ഭവനനിർമ്മാണപദ്ധതി കണ്ടുപഠിച്ച്, പരിചയിപ്പിച്ച് വരുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതിക്കുവേണ്ട ഉപദേശം നൽകുന്നതിന് മറ്റു ജോലിക്കു പുറമെ ഒരു എക്സിക്യൂട്ടീവ് എൻജിനീയരെയും കൂടി നിയമിച്ചിട്ടുണ്ട്. കൂടാതെ മറ്റു സഹായസഹകരണങ്ങൾക്കും വെള്ളം, വിദ്യുച്ഛക്തി, മുതലായവയുടെ വിതരണത്തിനും മറ്റും ഇലക്ട്രിക്കൽ എൻജിനീയർ, വാട്ടർ വർക്സ് ആൻഡ് ഡ്രെയിനേജ് എൻജിനീയർ, കാർപ്പറേഷൻ കമ്മീഷണർ, സംഘങ്ങളുടെ ഒരു പ്രതിനിധി, ഇതുമായി അംഗങ്ങൾ അടങ്ങിയ ഒരു കമ്മിറ്റിയേയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. G. Ramachandran]

(ന) ഉണ്ട്.

(ഩ) ഒന്ന്.

(ഭ) ഒന്ന്.

MR. K. K. CHELLAPPAN PILLAI : ആദ്യത്തെ വകുപ്പിന് ക എന്ന് ഉത്തരം പറഞ്ഞു. ആ സംഘങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഒന്നിന്റെ പേർ, തിരുവനന്തപുരം ബ്രാഹ്മണജന ഭവനനിർമ്മാണ സഹകരണസംഘം, നമ്പർ ക ഠ വ ഠ. രണ്ടാമത്തേതു്, തിരുവനന്തപുരം, ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി നമ്പർ ക ഭ ഭ.

MR. K. R. ELANKATH : ഈ സംഘങ്ങളും കൂടാതെ ഭവനനിർമ്മാണസംഘങ്ങളും ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : ഉണ്ടായിരിക്കാം, സൂക്ഷ്മമായ അറിവില്ല.

MR. K. R. ELANKATH: സെൻട്രൽ കോവാപ്പറേറ്റീവു ബാങ്കിൽ നിന്നും ഇതു സംബന്ധിച്ചു സ്ഥലം വാങ്ങിക്കുകയും, ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി നടത്താൻ തുടങ്ങുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ചെയ്യുന്നുണ്ടെന്നറിയാം.

MR. P. T. CHACKO : ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നത്തേക്ക് അനുവദിച്ചിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരമെല്ലാം പറഞ്ഞു കഴിഞ്ഞു.

MR. PRESIDENT : കഴിഞ്ഞിട്ടില്ല. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കയാണ്,

MR. K. R. ELANKATH : ഗൃഹനിർമ്മാണം പ്രത്യേക കാര്യപരിപാടിയായി അംഗീകരിച്ചിട്ടില്ലാത്ത സംഘങ്ങൾക്ക് അനുമതിയുണ്ടു്, സഹകരണ ബാങ്കുകൾക്കു്, ക്രെഡിറ്റു സൊസൈറ്റികൾക്കും മറ്റും ഈ ഗൃഹനിർമ്മാണപരിപാടി നടത്തിക്കൊണ്ടു പോകുന്നതേ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN : പോകാമെന്നു തോന്നുന്നു.

MR. K. R. ELANKATH : അങ്ങനെയാണെങ്കിൽ പ്രത്യേക സംഘങ്ങളെ നിയോഗിക്കേണ്ടതുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതിനും ഇതിനും പരസ്പര വൈരുദ്ധ്യമുണ്ടെന്നു തോന്നുന്നില്ല.

MISS ANNIE MASCARENE (*Trivandrum I— Latin Catholic*) മുസ്‌ലീം ഏരിയായിലാണ് ആദ്യമായി ഭവനനിർമ്മാണപരിപാടികൾ നടപ്പിലാക്കേണ്ടതെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിയാം. അതിലേക്കു പ്രത്യേക പദ്ധതിയൊന്നുമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഒരു എക്സിക്യൂട്ടീവ് എൻജിനീയരെ നിയമിച്ചുവെന്നു പറഞ്ഞല്ലോ. ഏതു ഗ്രേഡിലുള്ള എക്സിക്യൂട്ടീവ് എൻജിനീയരെയാണ് നിയമിച്ചിട്ടുള്ളത്; എത്ര കാലമായി?

HON'BLE MR. G. RAMACHANDRAN : I claim notice.

MR. A. P. UDAYABHANU : ഈ ഹൗസിംഗ് പദ്ധതി ഇപ്പോൾ തുടങ്ങിയിരിക്കുന്നതു് തിരുവനന്തപുരം കേന്ദ്രമാക്കിയാണ്. എന്നാൽ തിരുവനന്തപുരത്തിനപ്പുറത്തും രാജ്യങ്ങൾ ഉണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

HON'BLE MR. G. RAMACHANDRAN : അതിനെപ്പറ്റി തർക്കമില്ല. അതെല്ലാപേക്ഷം അറിയാം.

MR. A. P. UDAYABHANU : ആ നിലയ്ക്ക് ഈ ഭവനനിർമ്മാണപദ്ധതി ആലപ്പുഴ മുതലായ ഇൻഡസ്ട്രിയൽ സെന്ററുകൾ കേന്ദ്രമാക്കി ഏർപ്പെടുത്തുന്ന പക്ഷം അവിടങ്ങളിൽ ഇന്നുള്ള തൊഴിലില്ലായ്മയ്ക്കു കുറെ പരിഹാരമുണ്ടാക്കാൻ സാദ്ധ്യമാകയില്ലേ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ചെയ്യാം. പക്ഷേ, അതു പരിതഃസ്ഥിതികൾ പോലെയും, ആവശ്യം പോലെയും, സൗകര്യം പോലെയും ചെയ്യാനേ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly